കുറുക്കുവഴികൾ തേടാതെ സുദീർഘമായ ഒരു ഹരിതസമ്പദ്‌വ്യവസ്ഥയാണ് കേരളം നേരിടുന്ന നിലവിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരമെന്ന് നിർദ്ദേശിക്കുന്ന പഠനം. സൈലന്റ് വാലി സംരക്ഷണത്തിന്റെ ഇരുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ച് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തൃശൂരിൽ സംഘടിപ്പിച്ച സെമിനാറിൽ അവതരിപ്പിച്ചത്.

# കേരളം ഹരിത സമ്പദ്‌വ്യവസ്ഥയിലേക്ക് മാറുമ്പോൾ

ഡോ. സി.ടി.എസ്. നായർ

**കേരളം എന്തുകൊണ്ട് ഹരിത സമ്പദ്‌വ്യവസ്ഥയിലേക്ക് മാറണം**

സാമൂഹ്യസാമ്പത്തിക മേഖലകളിൽ കേരളം (നിലവിലുള്ള പ്രത്യേക രാഷ്ട്രീയ കാരണങ്ങളാൽ) നിർണ്ണായക പുരോഗതിനേടിയിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ വികസനമാതൃകയുടെ സാധുതയെക്കുറച്ച് ഏറെ ആശങ്കകളുണ്ട്. ലോകത്തിന്റെ ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള സ്ഥലങ്ങളിലൊന്നായതുകൊണ്ട് കേരളം രൂക്ഷമായ പ്രകൃതിവിഭവ ദാരിദ്ര്യത്തെ നേരിടുന്നുണ്ട്. അണക്കെട്ട്, അതിവേഗപ്പാത, വ്യവസായ വികസനം, ഖനനം തുടങ്ങി ഏതുതരം വികസനപ്രവർത്തനമായാലും അവയുടെ ഒരിക്കലും നിർണ്ണയിക്കപ്പെടാത്ത പ്രായോഗികതയെക്കുറിച്ച് ഒരുപാട് ചർച്ചകൾ ഉയരാറുണ്.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ പല മേഖലകളിലും പാരിസ്ഥിതിക പ്രശ്നങ്ങളുടെ ലക്ഷണങ്ങൾ കണ്ടുവരുന്നുണ്ട്. വർദ്ധിച്ച ജനസാന്ദ്രത കാരണം കേരളത്തിന് ഭൂമി, വെള്ളം, കാട് തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെ അമിതോപഭോഗത്തിലും പുറമേനിന്നുള്ള വിഭവഇറക്കുമതിയിലും ആശ്രയിക്കേണ്ടിവരുന്നു. സാമ്പത്തിക പാരിസ്ഥിതികരംഗത്തെ അപചയം താഴെപ്പറയുന്നവയായി ഉൾക്കൊള്ളുന്നു.

1. നെല്ലുല്പാദനത്തിലെ കുറവും ഇറക്കുമതിയോടുള്ള അമിതആഭിമുഖ്യവും 1975-ൽ 8.8 ലക്ഷം ഹെക്ടർ നെൽകൃഷി ഭൂമിയിലുണ്ടായിരുന്നത് 2008-ൽ 2.46 ആയി കുറഞ്ഞു. കുറഞ്ഞ ലാഭവിഹിതവും വൻതോതിലുള്ള കൃഷിഭൂമിയില്ലാതാക്കലും കേരളത്തിന്റെ ഭക്ഷ്യസുരക്ഷ പ്രവചനാതീതമായ മാറ്റങ്ങൾക്ക് വിധേയമാണെന്ന് കാണിച്ചുകൊടുക്കുന്നു.

2.വിലക്കുറവും വർദ്ധിച്ച കൃഷിച്ചെലവും നാണ്യവിളകളുടെ അപചയത്തിനു കാരണമായി. ഈയിടെ സംഭവിച്ച ചില വ്യാപാരധാരണകൾ മൂലം, മറ്റ് പോംവഴികൾ കണ്ടെത്താനായില്ലെങ്കിൽ സ്ഥിതിഗതികൾ കൂടുതൽ രൂക്ഷമാകാൻ സാധ്യതയുണ്ട്.

3. ഏറ്റവും ഉയർന്ന വർഷപാതനിരക്ക് (കൊല്ലത്തിൽ 3000 ....) ഉണ്ടായിട്ടും മഴക്കാലമവസാനിച്ചാലുടനെ വരൾച്ച എന്ന സ്ഥിതിവിശേഷം സംഭവിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽപ്പോലും കുടിവെള്ളക്ഷാമം ഒരു നഗ്നയാഥാർത്ഥ്യമാണ്.

4. മലിനീകരണ നിയന്ത്രണ നിയമങ്ങളുടെ വളച്ചൊടിക്കലും, വികലമായ മലിനീകരണസംസ്കരണവും ജലസ്രോതസ്സുകളെ വൃത്തികേടാക്കുന്നു.

5. പൊതുജനാരോഗ്യവും പകർച്ചവ്യാധികളുടെ പൊട്ടിപുറപ്പെടലും അനുഭവപ്പെടുന്നു.

6. യാതൊരു മുൻധാരണകളുമില്ലാതെയുള്ള വ്യവസായവൽക്കരണം വിഷവസ്തുക്കളുടെ കുന്നുകൂടലിനിടയാക്കുന്നു. (ഉദാ: - ഏലൂർ കളമശ്ശേരി വ്യവസായമേഖല) എൻഡോസൾഫാൻപ്പോലുള്ള രാസവസ്തുക്കളുടെ ഉപയോഗം ദാരുണമായ ആരോഗ്യപ്രശ്നങ്ങളാണ് എടുത്തു കാണിക്കുന്നത്.

7. പരിസ്ഥിതി സുരക്ഷയ്ക്കത്യാവശ്യമായ ജൈവവൈവിധ്യത്തിന് അപചയം സംഭവിച്ചുകൊണ്ടിരിക്കുന്നു . കണ്ടൽകാടുകൾപോലുള്ള നിർണ്ണായക ഘടകങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ജനസാന്ദ്രതയുള്ള തീരപ്രദേശങ്ങളിൽ പ്രത്യേകിച്ചും.

8. നഗരമേഖലകളിൽ മാലിന്യസംസ്കരണം പ്രധാനവെല്ലുവിളിയായിരിക്കുന്നു. ഏതൊരു തുറന്ന സ്ഥലവും മാലിന്യനിക്ഷേപത്തിനുള്ള സ്ഥലമായി മാറിയിരിക്കുന്നു. ഈ അനാരോഗ്യപ്രവണതകൾ വലിയ ആരോഗ്യപ്രശ്നങ്ങളാണ് ഉണ്ടാക്കികൊണ്ടിരിക്കുന്നത്.

ഒരു കൺസ്യൂമർ ഇക്കോണമിയായതുകൊണ്ട് സേവനമേഖലകളിലെ കൂടിവരുന്ന ആശ്രയിക്കൽ, കേരളത്തെ പുറംലോകങ്ങളിലെ നേരിയ മാറ്റത്തോടുപോലും ബാധ്യതപ്പെടുത്തുന്നു.

1. ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിലുണ്ടായേക്കാവുന്ന ആഘാതം, പ്രത്യേകിച്ചും അവ തരുന്ന സംസ്ഥാനങ്ങളിലെ ഉൽപാദനക്കമ്മി പരിണമിക്കുമ്പോൾ അവശ്യവസ്തുക്കളിൽ ഈയ്യിടെയുണ്ടായിട്ടുള്ള വിലവർദ്ധനവ് കേരളത്തിന്റെ ഈ ബാധ്യതയെ വിളിച്ചറിയിക്കുന്നു.

2. നാണ്യവിളകളുടെ വിലയിലും ആവശ്യത്തിലുമുണ്ടായ ഇടിവ്, പുതിയ വാണിജ്യക്കരാറുകളുടെ വെളിച്ചത്തിൽ മത്സരം കൂടുതൽ രൂക്ഷമാകുമ്പോൾ, കേരളത്തിന്റെ പരമ്പരാഗതവിളകളിൽ നിന്നുമുള്ള ആദായം കുറയാനാണ് സാധ്യത.

3. വിദേശജോലിസാധ്യതകളിലുണ്ടാകുന്ന കുറവ് കേരളത്തിൽ ലഭിക്കുന്ന വിദേശനാണ്യത്തിലും പ്രതിഫലിക്കും. ഇത് കേരളത്തിന്റെ കൺസ്യൂമർ ഇക്കോണമിയിൽ നിർണ്ണായകമായ വിപരീതഫലങ്ങളുണ്ടാക്കിയേക്കാം.

**ഹരിതഇക്കോണമിയിലേക്കുള്ള മാറ്റം സാധ്യമാകുന്നത്:-**

മൂന്നു തലങ്ങളിലുള്ള സമീപനം മുഖേനയാണ് കേരളത്തിന്റെ ഹരിത സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റം സാധ്യമാക്കുന്നത്.

1. വില്ലേജുതലത്തിൽ ഹരിതമാതൃകകൾ വികസിപ്പിച്ചെടുത്ത് ആരോഗ്യമേഖലയിൽ ജനങ്ങളുടെ അവബോധം വർദ്ധിപ്പിച്ച് പരിസ്ഥിതി സേവനങ്ങൾ വഴി കാർബൺ ന്യൂട്രൽ ആയ അന്തരീക്ഷം ഉണ്ടാക്കിക്കൊണ്ടണ്ട്.

2. അടിസ്ഥാനവസ്തുക്കളും സേവനങ്ങളും കൂടുതൽ ഉൽപാദിപ്പിക്കാനുതകുംവിധം സർക്കാർനയങ്ങളും നിയമങ്ങളും പുനരുദ്ധരിക്കണം. കാർബൺ വകിരണം കൂട്ടി പരിസ്ഥിതിയെ ബലഹീനമാക്കുന്ന വസ്തുക്കളുടെ ഉപയോഗം ഇതുമൂലം കുറയ്ക്കുവാൻ കഴിയും. ഉപഭോക്താവിന് ഇപ്രകാരം പരിസ്ഥിതിസൗഹൃദ ഉൽപന്നങ്ങൾ തിരഞ്ഞെടുക്കാനാവും വിധം മാർക്കറ്റ് തന്ത്രങ്ങളുടെ നവീകരണവും ഇതുവഴി അർത്ഥമാകുന്നുണ്ട്. ഹരിതവസ്തുക്കളുടെയും സേവനങ്ങളുടെയും ഉൽപാദനം ആദായകരമാക്കാൻ ഇതു സഹായിക്കുന്നു.

3. ഹരിതവ്യവസ്ഥയിലേക്കുള്ള മാറ്റത്തിന്റെ മുഖ്യവർത്തികളായി പൊതുമേഖലാ വകുപ്പുകളെ മാറ്റിയെടുക്കൽ.

**അവബോധമുണ്ടാക്കലും പ്രാദേശിക തലത്തിൽ ഹരിതവ്യവസ്ഥകളുടെ രൂപീകരണവും**

ഹരിത സമ്പദ്‌വ്യവസ്ഥയുടെ നിർമ്മാണം മുഖ്യധാരാ സമ്പ്രദായത്തിന്റെ നിർണ്ണായകമായ മാറ്റം ആവശ്യപ്പെടുന്നു. പ്രാദേശികതലത്തിൽ അവബോധമുണ്ടാക്കാനായി ബൃഹത്തായ പ്രചരണ പരിപാടികൾ വേണ്ടിവരും. ഇപ്പോൾത്തന്നെ ഒരുപാട് സംഘടനകൾ, പ്രത്യേകിച്ചും എൻ.ജി.ഒകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ഏതാണ്ടൊരു വ്യുൽപത്തി നിലവിലുണ്ടുതാനും. ഈ പ്രയത്നങ്ങളൊക്കെ കൂട്ടിയോജിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കാർബൺ വികിരണം വെട്ടിച്ചെറുതാക്കുന്ന ഊർജ്ജോപഭോഗം കുറയ്ക്കുന്ന, പരിസ്ഥിതി സംരക്ഷിത യത്നങ്ങൾ, താഴേയ്ക്കിടയിൽനിന്നും ഉയർന്നുവരികയും വേണം. ഓരോ പഞ്ചായത്തുകളും അവരുടെ പ്രവർത്തനങ്ങളുടെ ഘട്ടംഘട്ടമായുള്ള പുരോഗതി താഴെപ്പറയുന്നവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് പ്രദർശിപ്പിക്കുകയും വേണം.

1. ഭക്ഷ്യസുരക്ഷയിലേക്കുള്ള ആവേഗം ഓരോ പഞ്ചായത്തും അവരുടെ ഭക്ഷ്യോല്പന്നക്ഷമതയുടെ മുഴുവനും ഉപയോഗപ്പെടുത്തണം. ജലം ദുരുപയോഗപ്പെടുത്താതെ വളം കീടനാശിനികൾ എന്നിവ കഴിയുന്നത്ര കുറച്ച് പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചുവേണം ഭക്ഷ്യോല്പാദനം.

2. പൊതുജനാരോഗ്യകാര്യങ്ങളുടെ പുരോഗതി. ഇത് പ്രധാനമായും പോഷകാഹാരലഭ്യതയേയും പകർച്ചവ്യാധികളേയും തടയാനുതകുന്ന ആതുരാലയ സൗകര്യങ്ങളെയും ആശ്രയിച്ചിരിക്കുന്നു.

3. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള അതിജീവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഊന്നൽ.

4. വായു, വെള്ളം എന്നിവയുടെ ഗുണത്തിലുള്ള പുരോഗതി.

5. ജൈവവൈവിധ്യത്തിന്റെ ഗുണസമ്പുഷ്ടിയും അതിന്റെ സുരക്ഷയും. പ്രാദേശിക വിളകളുടേയും പരിസ്ഥിതിപ്രശ്നമേഖലകളുടേയും സംരക്ഷണവും ഇതിൽപ്പെടുന്നു.

6. പഞ്ചായത്തിലുള്ള ഏവർക്കും ചുരുങ്ങിയ ഭവനസൗകര്യങ്ങളെങ്കിലും ഉറപ്പുവരുത്തിക്കൊണ്ടുള്ള നിർമ്മാണപ്രവർത്തികളുടെ നിയമനിർമ്മാണം.

7. കാൽനടക്കാർക്കും സൈക്കിൾ യാത്രക്കാർക്കും ഉൾപ്പെടെ സുയാത്ര ഉറപ്പുവരുത്തിക്കൊണ്ടുള്ള പൊതുഗതാഗത സൗകര്യങ്ങളുടെ വർദ്ധനവ്. പ്രദേശികതലത്തിലുള്ള ഈ പ്രവർത്തനങ്ങളാണ്-അവബോധ ഉൽബോധനത്തിനും പ്രവർത്തനപരിപാടികൾക്കും-ഹരിത സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന ചട്ടക്കൂട് രൂപീകരിയ്ക്കുന്നത്. സർക്കാർ നയങ്ങളും നിയന്ത്രണങ്ങളും കമ്പോളവും ഇത്തരം പ്രയത്നങ്ങളെ സർവ്വാത്മനാ സഹായിക്കുവാൻ തയ്യാറാകേണ്ടതുമുണ്ട്.

ഓരോ പഞ്ചായത്തും, എല്ലാ വികസനപ്രവർത്തനങ്ങളും കാർബൺ എമിഷൻ കുറയ്ക്കുന്ന ആവർത്തിച്ചുപയോഗിക്കാവുന്നതാണെന്നു ഉറപ്പിക്കാക്കിക്കൊണ്ടുള്ള "ഹരിതവികസനപദ്ധതികൾ"ക്ക് രൂപം നൽകേണ്ടതുണ്ട്. പൊതുസമൂഹസംഘടനകളും വിദ്യാഭ്യാസസ്ഥാപനങ്ങളും ഈ പദ്ധതി പ്രവർത്തത്തിന്റെ രൂപീകരണത്തിലും സംഘാടനത്തിലും പങ്കാളികളാകേണ്ടതുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ വിവിധതരം ഏകകങ്ങൾ നിർണ്ണയിക്കാവുന്നതാണ്.

**സർക്കാർനയങ്ങളും നിയന്ത്രണങ്ങളും**

മാർക്കറ്റ് സംവിധാനങ്ങൾ വഴി സാധാരണപോലെയുള്ള കച്ചവടം എന്ന സ്ഥിരം പല്ലവിയിൽനിന്നുള്ള

മാറ്റം പ്രതീക്ഷിയ്ക്കാനാകാത്തതു കൊണ്ട് ഹരിത സാമ്പത്തിക വ്യവസ്ഥയിലേക്കുള്ള സുതാര്യമായ മാറ്റത്തിനായി സർക്കാറിന് നിർണ്ണായകമായ പങ്കുവഹിക്കാനുണ്ട്. സർക്കാറിന്റെ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്നവയും ഉൾപ്പെടുന്നു.

1. എല്ലാ പങ്കാളികളുടെയും സ്വഭാവ നിയന്ത്രണത്തിനായി നിയമ നിർമ്മാണം നടത്തണം. ഇത് കാർബൺരഹിത വ്യവസ്ഥയിലേക്ക് മുന്നേറാൻ പ്രചോദനം നൽകുന്നതുമായിരിക്കണം.

2. ഹരിത സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കാനുതകുന്ന മേഖലകളിൽ നേരിട്ടുള്ള നിക്ഷേപങ്ങൾ.

3. ഹരിതവ്യവസ്ഥയുടെ തത്വങ്ങൾ എല്ലാ വകുപ്പുകളും സർക്കാർ മന്ത്രാലയങ്ങളും മുറുകെപ്പിടിയിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

**നയങ്ങളും നിയന്ത്രണങ്ങളും**

1. ഭൂമി, വെള്ളം, വനം, കൃഷി, വ്യവസായം, ഗതാഗതം തുടങ്ങി എല്ലാ പ്രകൃതി വിഭവങ്ങളും ഉൾക്കൊള്ളുന്ന ബൃഹത്തും സൂക്ഷ്മവുമായ നയരൂപീകരണം. വിഭവസംരക്ഷണവും ആവർത്തനരഹിതമായ ഊർജ്ജത്തിന്റെ നിരാകരണവും കാർബൺ വിരോധവും ഇത് അർത്ഥമാക്കുന്നു.

2. എല്ലാ വസ്തുക്കളുടേയും സേവനങ്ങളുടേയും കാർബൺ/ഇക്കോ ലേബലിങ്ങ് നിർബന്ധിതമാക്കുന്നതു വഴി പാരിസ്ഥിതികാഘാതം കുറഞ്ഞ വസ്തുക്കളും സേവനങ്ങളും വ്യാപകമാകാൻ സഹായകമാകും.

3. ആവർത്തനരഹിത വിഭവങ്ങളുടെ ഉപഭോഗം കുറയ്ക്കുന്ന "ഹരിത ബഡ്ജറ്റ്" അവതരിപ്പിക്കുക വഴി ഊർജ്ജശേഷി കൂട്ടാനും വനം, ഭൂമി, ജൈവവൈവിധ്യം എന്നിവയുടെ ചൂഷണം കുറയ്ക്കാനും സാധിക്കും. വിശാലമായ പദ്ധതികളുടെ പരിധിയ്ക്കുള്ളിൽനിന്നുകൊണ്ടുതന്നെ സർക്കാർ, ഓരോ മേഖലയിലും പ്രത്യേക പ്രത്യേകം നടത്താവുന്ന ഹരിത വ്യവസ്ഥാ സഹായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇങ്ങനെ ഇടപെടാവുന്ന ചില സാധ്യതകൾ താഴെപ്പറയുന്നു.

> വീടിന്റെ വിസ്തീർണ്ണത്തിനനുസരിച്ച് കൂടി കൂടി വരുന്ന തരത്തിലുള്ള വീടു നികുതി ഈടാക്കൽ. കൂട്ടുടമസ്ഥതയോ തറവാടു വീടുകളോ ഒഴിച്ച് കേരളത്തിൽ ഒന്നിലധികം വീടുള്ളവരിൽനിന്നും ഒറ്റത്തവണ വസൂലാക്കുന്ന സ്വത്തുനികുതിയുടെ ചുമത്തണം. പ്രാദേശികമായി ലഭിയ്ക്കുന്ന നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കാൻ നിർബന്ധിക്കണം. പ്രത്യേകിച്ചും മണ്ണ്, മരം തുടങ്ങിയവ. അമിത ഊർജ്ജം ആവശ്യപ്പെടുന്ന സാമഗ്രികളുപയോഗിക്കുമ്പോൾ കാർബൺ നികുതി ഏർപ്പെടുത്തണം. ഊർജ്ജ ഉപഭോഗം കുറയ്ക്കാൻ ഉതകുന്ന കെട്ടിടങ്ങൾ നിർമ്മിക്കാൻ സഹായിക്കുന്ന ഹരിതനിർമ്മാണ നിയമങ്ങൾക്ക് രൂപം കൊടുക്കണം.

**ഭവനം**

നിർമ്മാണ മേഖല ഇന്ന് സംസ്ഥാനത്തിന്റെ ഗ്രോസ്സ് ഡൊമസ്റ്റിക് പ്രോഡക്ടിന്റെ 17 ശതമാനത്തോളം കൈയടക്കിക്കൊണ്ട് സമ്പദ്‌വ്യവസ്ഥയിൽ പ്രമുഖ സ്ഥാനം നേടിയിരിക്കുന്നു. സെക്കണ്ടറി സെക്ടററിന്റെ 63 ശതമാനവും നിർമ്മാണമേഖലയിൽനിന്നാണ് (2007–08). വീട് പ്രാഥമികാവശ്യമാണെങ്കിലും ഒരുപാട് ഊർജ്ജാധിഷ്ഠിത ഉൽപ്പന്നങ്ങൾ ആവശ്യപ്പെടുന്ന ഒരു "പൊങ്ങച്ചഘടകം" ഇവിടെ ഉയർന്നുവരുന്നുണ്ട്. സാമൂഹിക സ്വീകാര്യതയുള്ള ശുദ്ധവും ഉപയോഗയോഗ്യവുമായ വീടുകളുടെ നിർമ്മാണം എടുത്തുപറയുന്നതായിരിക്കണം സർക്കാർ നയങ്ങളും നിയമങ്ങളും. അധികച്ചെലവും വിഭവങ്ങളുടെ അമിതോപഭോഗവും നിരുത്സാഹപ്പെടുത്താൻ ഇത് സഹായിക്കുന്നു.

1. വീടിന്റെ വിസ്തീർണ്ണത്തിനനുസരിച്ച് കൂടി കൂടി വരുന്ന തരത്തിലുള്ള വീടു നികുതി ഈടാക്കൽ. കൂട്ടുടമസ്ഥതയോ തറവാടു വീടുകളോ ഒഴിച്ച് കേരളത്തിൽ ഒന്നിലധികം വീടുള്ളവരിൽനിന്നും ഒറ്റത്തവണ വസൂലാക്കുന്ന സ്വത്തുനികുതിയുടെ ചുമത്തൽ.

2. പ്രാദേശികമായി ലഭിയ്ക്കുന്ന നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കാൻ നിർബന്ധിക്കുക. പ്രത്യേകിച്ചും മണ്ണ്, മരം തുടങ്ങിയവ. അമിത ഊർജ്ജം ആവശ്യപ്പെടുന്ന സാമഗ്രികളുപയോഗിക്കുമ്പോൾ കാർബൺ നികുതി ഏർപ്പെടുത്തുക.

3. നേരിട്ടും അല്ലാതെയുമുള്ള ഊർജ്ജ ഉപഭോഗം കുറയ്ക്കാൻ ഉതകുന്ന കെട്ടിടങ്ങൾ നിർമ്മിക്കാൻ സഹായിക്കുന്ന "ഹരിതനിർമ്മാണ നിയമങ്ങൾ"ക്ക് രൂപം കൊടുക്കുക. സോളാർ വാട്ടർ ഹീറ്ററും പ്രകാശ സംവിധാനങ്ങളും നിർബന്ധിപ്പിക്കുന്ന വകുപ്പുകൾ ഇതിലുൾപ്പെടുത്തണം. കാലക്രമേണ, എല്ലാ കെട്ടിടങ്ങളും അവരുടെ ഊർജ്ജ ആവശ്യം തന്നെത്താൻ പരിഹരിയ്ക്കാവുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിച്ചേരണം.

**ഗതാഗതം**

ഗ്രോസ്സ് ഡൊമസ്റ്റിക് പ്രോഡക്ടിന്റെ 12.8 ശതമാനം (2007–08ൽ) ഗതാഗതം, ശേഖരണം, വാർത്താവിനിമയം എന്നിവ കൈയാളുന്നു. ഊർജ്ജോപഭോഗത്തിന്റെയും കാർബൺ വികിരണത്തിന്റേയും മേഖല ഗതാഗത രംഗമാണ്. കൃത്യമായ നയങ്ങളിലൂടേയും നിയന്ത്രങ്ങൾ വഴിയും ഇത് ശരിപ്പെടുത്തിയെടുക്കാവുന്നതേയുള്ളൂ.

1. പൊതുഗതാഗത സൗകര്യങ്ങളിൽ കൂടുതൽ നിക്ഷേപം നടത്തുക. ധ്രുതവേഗ റെയിൽവേ, മെട്രോ/ജല ശൃംഖലകളിൽ പ്രത്യേകിച്ചും.

2. വിവിധ തലങ്ങളിൽ സ്വകാര്യവാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുക. അതേ സമയം ടാക്സി സേവനങ്ങൾ നികുതി കുറയ്ക്കുക. പൊതുമേഖലയിൽ ടാക്സികൾ

*നിങ്ങളുടെ കേരളീയം മാസിക കൂടുതൽ മെച്ചപ്പെടുത്താൻ ആലോചിക്കുന്നു. എങ്ങനെയെല്ലാം?*
*വായനക്കാരുടെ പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു. എഴുതുക/പറയുക.*
*കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9446576943*

വർദ്ധിയ്ക്കാനും നികുതി കുറയ്ക്കുക. സ്വകാര്യവാഹനങ്ങൾ നിരുത്സാഹപ്പെടാനും പൊതുനിരത്തിൽ വാഹനങ്ങളുടെ എണ്ണം കുറയാനും ഈ നടപടികൾ സഹായിക്കും.

3. മൂന്നു യാത്രക്കാരിൽ കുറവുള്ള വാഹനങ്ങൾ കണ്ടെത്തി അവർക്ക് പ്രത്യേക നികുതി ചുമത്തുക.

**ഊർജ്ജഉൽപാദനവും ഉപയോഗവും**

ഹരിതനിർദ്ദേശങ്ങൾക്കനുസരിച്ച് വികസനപാത പിന്തുടരുമ്പോൾ ഊർജ്ജഉൽപ്പാദനത്തിലും ഇതിന്റെ ഉപയോഗത്തിലും സമൂലമായ മാറ്റങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

1. കേരളത്തിലെ ഓരോ അടുക്കളകളിലും കൂടുതൽ ഊർജ്ജദായകമായ പുകയില്ലാത്ത അടുപ്പുകൾ സജ്ജമാക്കാൻ സാമ്പത്തികസഹായം നൽകണം. ഇന്ധന സ്രോതസ്സുകളുടെ ഉപഭോഗം ദ്വിഗുണീഭവിക്കാനും ഗൃഹാന്തരീക്ഷമലിനീകരണം കുറച്ച് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്താനും ഇത് വഴി തെളിയിക്കും.

2. സൗരോർജ്ജം, കാറ്റ്, ജൈവവാതകം എന്നിവയുടെ ഉപയോഗം കൂട്ടി, ഓരോ വീടും ഇന്ധനക്ഷമതയിൽ സ്വയം പര്യാപ്തത കൈവരിക്കണം.

3. സ്മാർട്ട് ഗ്രിഡുകൾ മുഖേന വൈദ്യുതി വിതരണം മെച്ചപ്പെടുത്തി വിതരണ നഷ്ടം കുറയ്ക്കുക.

4. ഓരോ വൈദ്യുതോപകരണവും അവയുടെ ഊർജ്ജക്ഷമതയും കാർബൺ അടയാളവും കണക്കിലെടുത്ത് ലേബൽ ചെയ്യുക. ഉദാഹരണത്തിന് പാചകം, പ്രകാശം, ചൂടാക്കൽ, തണുപ്പിക്കൽ തുടങ്ങിയവയ്ക്കുള്ള നിരവധി ഉപകരണങ്ങൾ കാർബൺ അടയാളങ്ങൾ ഉണ്ടാക്കുന്നു. കാര്യക്ഷമതയുള്ള ഇത്തരം ഉപകരണങ്ങൾ ഫാൻ, എയർ കണ്ടീഷണർ തുടങ്ങിയവയുടെ ഉപയോഗം പരിമിതപ്പെടുത്തുകയും കാർബൺ അടയാളങ്ങൾ കുറയ്ക്കുകയും ചെയ്യുന്നു. ഒരു മുറിയിൽ 40 വാട്സിന്റെ രണ്ട് ട്യൂബുകൾ പ്രവർത്തിപ്പിക്കുന്നതിനേക്കാൾ കൂടുതൽ പ്രകാശം കിട്ടും ഒന്നോ രണ്ടോ വാട്ടിന്റെ എൽ.ഇ.ഡി. വിളക്കുകൾ ആറോ എട്ടോ സ്ഥലങ്ങളിൽ സ്ഥാപിച്ച് യുക്തിപൂർവ്വം പ്രകാശിപ്പിക്കുമ്പോൾ 10 ശതമാനം വൈദ്യുതിയാണ് ഇവിടെ ലാഭിക്കുന്നത്.

5. കമ്പോളത്തിലാകെ ഊർജ്ജദായകമായ കാർബൺ അടയാളരഹിതമായ സഹായകനിർദ്ദേശങ്ങ്ഹൾ പ്രചരിപ്പിക്കുക.

**സർക്കാർ വകുപ്പുകൾ**

പൊതുരംഗത്തെ ബൃഹത്തായ വിക്ഷേപങ്ങൾ വഴി, സർക്കാർ വകുപ്പുകൾക്ക് ഈ രംഗത്ത് മുഖ്യമായി പങ്കാണ് വഹിയ്ക്കാനുള്ളത്. അവരുടെ പ്രവൃത്തികളാണ് ഹരിത വ്യവസ്ഥയിലേക്കുള്ള അടിസ്ഥാനരേഖകളായി വർത്തിക്കുക എന്നതുകൊണ്ട്, ഓരോ വകുപ്പുകളും അവയക്ക് ചെയ്യാവുന്നതും ചെയ്യരുതാത്തതുമായ കാര്യങ്ങളുടെ ഒരു "ഹരിതരേഖ" പ്രസിദ്ധപ്പെടുത്താവുന്നതാണ്. എല്ലാ മുന്നേറ്റങ്ങളും നിരാവർത്തന ഊർജ്ജ- ഉപഭോഗം കുറയ്ക്കാനും മാനുഷിക വസ്തുക്ഷമതകൾ കൂടുന്നതിനും പ്രകൃതിവിഭവങ്ങളുടെ പരിപാലനം ഉറപ്പാക്കാനും ഉന്നംവെച്ചുകൊണ്ടായിരിക്കണം. ഓരോ വകുപ്പിനും ഒരു പാരിസ്ഥിതിക റിപ്പോർട്ടിങ്ങ് സിസ്റ്റം അവരുടെ വാർഷിക റിപ്പോർട്ടിന്റെ ഭാഗമായി ഉണ്ടായിരിക്കണം. വകുപ്പുകൾ തമ്മിലുള്ള പരസ്പരധാരണ മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. എല്ലാ തത്പരകക്ഷികളെയും ഉൾപ്പെടുത്തി വിശാലമായ ഒരു മേഖല/വകുപ്പ് ഹരിതരേഖ വികസിപ്പിക്കുക. ഹരിതരേഖ തുടങ്ങിയവക്കുന്നതിന് എല്ലാ ജോലിക്കാരേയും പങ്കെടുപ്പിച്ചുകൊണ്ട് ബൃഹത്തായ ഒരു ട്രെയിനിങ്ങ് / ഓറിയന്റേഷൻ പരിപാടി നടത്തുക.

3. ഓരോ വകുപ്പ് അടിസ്ഥാനത്തിലും ഒരു ഹരിത വിഭാഗം രൂപീകരിച്ച് "ഹരിതരേഖ" വിജയിപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ അധികാരപ്പെടുത്തുക.

**ഉപസംഹാരം**

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഹരിതശ്രേണിയിലേക്കുള്ള ചുവടുമാറ്റത്തിന് പ്രേരിപ്പിക്കുന്ന ചില മാർഗ്ഗരേഖകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സാമൂഹ്യസുരക്ഷ ഉറപ്പാക്കി പരിസ്ഥിതി സന്തുലനം മെച്ചപ്പെടുത്തി കേരളത്തിലെ എല്ലാ ജനങ്ങൾക്കും സ്വീകാര്യമായ ജീവിതനിലവാരം ഇത് വാഗ്ദാനം ചെയ്യുന്നു. "എന്നത്തേയുംപോലുള്ള കച്ചവടം" എന്ന സ്ഥിരം പല്ലവിയിലുള്ള വികസനരീതി, അമിതോപഭോഗവും അന്തമില്ലാത്ത ഊർജ്ജദുരുപയോഗവും വഴി മാരകമായ സാമൂഹ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ ഇപ്പോൾത്തന്നെ ഉണ്ടാക്കിയെടുത്തിട്ടുണ്ട്. "സൈലൻറ് വാലി"യെ സംരക്ഷിച്ചെടുത്തതിലെ വിജയം വളരെ ഹ്രസ്വമായിരുന്നുവെന്നും മറ്റ് "സൈലൻറ് വാലികൾ" അപ്രത്യക്ഷമായേക്കാമെന്നും ഇത് വ്യക്തമാക്കുന്നു. വളർച്ച, വികസനം, പുരോഗതി എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ അടിയന്തിരമായി നമ്മളെല്ലാം മനസ്സിലാക്കേണ്ടിയിരിയ്ക്കുന്നു.

(പരിഭാഷ: കെ.ആർ. അജിതൻ)


With best compliments from

CENTRE FOR POST GRADUATE STUDIES

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com